# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2312

23.03.2012-ൽ
മറുപടിയ്ക്ക്

**വല്ലാർപാടം രാജ്യാന്തര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി. സുധാകരൻ :<br>ശ്രീ. എസ്. ശർമ്മ :<br>ശ്രീ. കെ.കെ. നാരായണൻ :<br>ശ്രീ. സാജു പോൾ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) വല്ലാർപാടം രാജ്യാന്തര ട്രാൻസ്ഷിപ്പ് മെന്റ് കണ്ടെയ്നർ ടെർമിനൽ നേരിടുന്ന പ്രതിസന്ധി എന്തെല്ലാമാണ്; | (എ) വല്ലാർപ്പാടം രാജ്യാന്തര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്-മെന്റ് ടെർമിനൽ താഴെപ്പറയുന്ന പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നു.<br>1) മറ്റ് ഇന്ത്യൻ തുറമുഖങ്ങളിലേക്ക് ചരക്കുകപ്പൽ നീക്കുന്നതിനുള്ള സ്ഥല സൗകര്യ പരിമിതി.<br>2) ICTT പ്രദേശത്തും അതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളിലും കസ്റ്റംസും സെസ്സ് അധികാരികളുമായി നിലനിൽക്കുന്ന അധികാര പരിധി നിയന്ത്രണ തർക്കം കാർ ഗോ ട്രാൻസ്ഷിപ്പ് മെന്റിനെ മോശമായി ബാധിക്കുന്നു. |
| (ബി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;<br>(സി) കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തന പ്രതിസന്ധിക്ക് കാരണമായ കബോട്ടാഷ് നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്രസർക്കാർ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാരിന് അഭിപ്രായമുണ്ടോ ; | (ബി) & (സി)<br>ICTT ലക്ഷ്യപ്രാപ്തിയിൽ എത്തുന്നതിനായി കാബോട്ടേജ് നിയമത്തിൽ ഇളവുവരുത്തുന്നതിലേ-ക്കായും, കസ്റ്റംസ്, സെസ്സ് അതോറിറ്റികളുടെ അധികാര പരിധി ലഘൂകരിച്ചുകൊണ്ട് ICTT-യുടെ സുഗമമായ പ്രവർത്തനം സാധ്യമാക്കുന്നതിനായും കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതും നിലവിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളതുമാണ്. |
| (ഡി) വല്ലാർപാടത്ത് എത്തുന്ന കണ്ടെയ്നറുകൾ ഇന്ത്യയിലെ മറ്റ് തുറമുഖങ്ങളിലേക്ക് കൊണ്ടുപോകുന്നതിന് ഇന്ത്യൻ ഫീഡർഷിപ്പിൽ കൊണ്ടുപോകണമെന്ന വ്യവസ്ഥമൂലം വിദേശ ഷിപ്പിംഗ് കമ്പനികൾ ഇവിടേക്ക് വരാൻ വിസമ്മതിക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ഡി) വിദേശ ഷിപ്പിങ്ങ് കമ്പനികളെ ഇവിടേക്ക് കൊണ്ടുവരുന്നതിലേക്കായി കാബോട്ടേജ് നിയമത്തിൽ ഇളവ് അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതും, ആയത് കേന്ദ്ര സർക്കാർ പരിഗണിച്ചുവരികയുമാണ്. |

(ഇ) സെസ് അധികാരികളും കസ്റ്റംസും തമ്മിൽ നിലനിൽക്കുന്ന തർക്കം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു;

(ഇ) തർക്കം പരിഹരിക്കുന്നതിനായി കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

(എഫ്) സുരക്ഷാ പാളിച്ചകൾ മൂലം ഈ അടുത്ത കാലത്തുണ്ടായ രക്തചന്ദന കള്ളക്കടത്ത് പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

(എഫ്) ഇന്റലിജന്റ്സ് ബ്യൂറോയുടെ സഹായത്താൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ICTT-യുടെ സുരക്ഷാ നടപടികൾ അവലോകനം ചെയ്തു വരുന്നു. കൂടാതെ, സംസ്ഥാന പോലീസിന്റെ പങ്കാളിത്തത്തോടെയുള്ള periodical evaluation -ഉം നടന്നു വരുന്നു.

ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ ലോകത്തിലെ മേജർ തുറമുഖങ്ങളിലേക്ക് നിഷ്കർഷിച്ചിട്ടുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സുരക്ഷാ മാനദണ്ഡം അനുസരിച്ച് CISF-ന്റെ ISPS സെക്യൂരിറ്റി റെഗുലേഷൻസ് ലെവൽ-2 പ്രകാരമുള്ള ഒരു നോഡൽ ഏജൻസിയുടെ സുരക്ഷാ നടപടികളും ടെർമിനലിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**